# ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിന് ബദലായി ലോക്കൽ ഇൻവസ്റ്റേഴ്സ് മീറ്റ്

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ആഗോളമൂലധനത്തിനു മുന്നിൽ കാഴ്ച വയ്ക്കുന്നതിനായി കേരള സർക്കാർ സംഘടിപ്പിക്കുന്ന ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിന് ബദലായി അതേ തിയ്യതികളിൽ അതേ സ്ഥലത്ത് കേരള സർവോദയ മണ്ഡലം ലോക്കൽ ഇൻവസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു.

ചെറുകിട-ഗ്രാമവ്യവസായ മേഖലയിലും കാർഷിക-വ്യാപാരമേഖലകളിലും പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് സാധാരണക്കാരുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഈ ലോക്കൽ ഇൻവസ്റ്റേഴ്സ് മീറ്റുവഴി ഈ മേഖലയിലെ പ്രശ്നങ്ങൾ, ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിന്റെ മേളക്കൊഴുപ്പിനിടയിൽ, ഉയർത്തിപ്പിടിക്കാനാണ് കേരളസർവ്വോദയ മണ്ഡലം ശ്രമിക്കുന്നത്.

ലോക്കൽ ഇൻവസ്റ്റേഴ്സ് മീറ്റിനു മുന്നോടിയായി സമാനമനസ്കരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജില്ലാതല കൺവെൻഷനുകളും സംസ്ഥാനതല പ്രചരണജാഥയും ആസൂത്രണം ചെയ്തിട്ടുണ്ട്. പരിപാടികളുടെ വിജയത്തിനായി എല്ലാ ജില്ലകളിലും സംഘാടകസമിതി രൂപീകരിച്ചു